ഈ കമിറ്റ്മെന്റിൽനിന്നും പുറകോട്ടു പോകില്ല. കുട്ടികൾക്ക് ഈ ഡെപ്പോസിറ്റു തുക കൊടുക്കണമെന്നുള്ള സ്റ്റാന്റിൽ തന്നെയാണ് നിൽക്കുന്നത്. അല്പം കാലതാമസമുണ്ടാകും. ധനകാര്യവകുപ്പുമന്ത്രിയുമായി ആ വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എത്രയും വേഗം തീരുമാനമെടുത്ത് കുട്ടികളുടെ ഈ തുക മടക്കി കൊടുക്കുന്നതാണ്.

(7) ബ്ളോക്ക് പഞ്ചായത്തുകൾക്ക് നൽകുന്ന ഗ്രാന്റ്

ശ്രീ. ടി.കെ. ബാലൻ : സർ, നമ്മുടെ പഞ്ചായത്തുകളിൽ ഭരണപരമായ ചില പ്രശ്നങ്ങൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് ബ്ളോക്ക് പഞ്ചായത്തിന്റെ ഭരണനിർവ്വഹണത്തിനുവേണ്ടി ഒരു വർഷത്തിൽ നാലു ലക്ഷം രൂപയാണ് നൽകുന്നത്. ഈ നാല് ലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. അതുകൊണ്ട് ചില സ്ഥലത്തെ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ വകമാറി ചെലവഴിക്കാൻ തുടങ്ങി. സർക്കാരിൽനിന്നും കർശനമായ നിർദ്ദേശമുണ്ടായതിനാൽ അത്തരത്തിൽ വകമാറി ചെലവഴിക്കാനും സാധിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ ഇവർക്ക് അലവൻസ് ഇല്ല. ഇവിടത്തെ സ്റ്റാഫിന് ശമ്പളമില്ല. ജീപ്പ് ഓടാൻ വേണ്ട പെട്രോൾ വാങ്ങിക്കാൻ കാശ് ഇല്ല. ഫോൺ നിശ്ചലമാണ്. കാരണം ഫോണിന്റെ കാശടയ്ക്കാൻ നിർവ്വാഹമില്ല. കേരളത്തിലെ പൊതുവായ ഒരു ഇഷ്യൂവാണ് ഞാൻ പറയുന്നത്. ഇത് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി മാത്രമല്ല ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ബ്ളോക്ക് പഞ്ചായത്തിന് ഇന്ന് കൊടുക്കുന്ന നാലുലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. അടിയന്തിരമായി ഈ തുക വർധിപ്പിച്ചുകൊണ്ട് ഇവരുടെ കുടിശ്ശിക കൊടുക്കാൻ പറ്റത്തക്കവിധം ഗ്രാന്റ് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം വളരെ പ്രസക്തമായിട്ടുള്ളതാണ്. കഴിഞ്ഞ ഏതാനും മാസങ്ങളായി ജില്ലാ പഞ്ചായത്തിലും അതുപോലെതന്നെ ബ്ളോക്ക് പഞ്ചായത്തിലുമുള്ള മെമ്പർമാർ ഗ്രാന്റ് കിട്ടുന്നതിന്റെ അപര്യാപ്തത ചൂണ്ടിക്കാണിച്ചുകൊണ്ട് തുക വർധിപ്പിക്കണമെന്ന ആവശ്യം നിരന്തരം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഗൗരവം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ഉറപ്പും നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(8) മലപ്പുറം ജില്ലയിലെ കർഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസിന്റെ ശോചനീയാവസ്ഥ

ശ്രീ. എൻ. കണ്ണൻ : സർ, മലപ്പുറം ജില്ലയിലെ കർഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസിന്റെ പ്രശ്നങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. രണ്ടേകാൽ ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളുള്ള മലപ്പുറം ജില്ലയിൽ 30.11.99 ന് വരെ ഒരുലക്ഷത്തി ആറായിരത്തി അൻപത്തിയേഴോളം വരുന്ന തൊഴിലാളികൾ രജിസ്ട്രേഷൻ നടത്തി. എന്നാൽ ക്ഷേമനിധിയിൽ പറഞ്ഞിട്ടുള്ള മുഴുവൻ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കു

LIBRARY ARCHIVES Kerala Legislative Assembly